**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5779</u>** **<u>08-11-2021 - ൽ മറുപടിയ്ക്ക്</u>**

**<u>കോതമംഗലം മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വളരെ അധികം റബ്ബർ കർഷകരും റബ്ബർ ഉല്പാദനവുമുള്ള എറണാകുളം ജില്ലയിലെ കോതമംഗലം മണ്ഡലം കേന്ദ്രീകരിച്ച് ഒരു റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇത്തരമൊരു നിർദേശം സർക്കാരിന്റെ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പൊതുമേഖലയിൽ നിലവിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ഒന്നും നിലവിലില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | കോതമംഗലം മണ്ഡലത്തിൽ പൊതുമേഖലയിൽ നിലവിൽ റബ്ബർ അധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ നിലവിലില്ല. |
| (സി) | രാജ്യത്ത് ആദ്യമായി റബ്ബർ പ്ലാന്റേഷൻ ആരംഭിച്ച പാലമറ്റം/തട്ടേക്കാട് പ്ലാന്റേഷൻ, കുട്ടമ്പുഴ ആലാനിക്കൽ എസ്റ്റേറ്റ്, പരീക്കണ്ണി എസ്റ്റേറ്റ്, പൂയം കുട്ടി എസ്റ്റേറ്റ് ഉൾപ്പെടെയുള്ള വൻകിട റബ്ബർ എസ്റ്റേറ്റുകളും നൂറ് കണക്കിന് ഇടത്തരം റബ്ബർ എസ്റ്റേറ്റുകളും ഉൾപ്പെടുന്ന ഈ മണ്ഡലത്തിൽ ഒരു റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിൽ നിന്നും ഏറ്റെടുത്ത HNL-ന്റെ ഭൂമിയിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന കമ്പനി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ സമീപ മണ്ഡലമായ കോതമംഗലത്ത് മറ്റൊരു റബ്ബർ പാർക്ക് ആരംഭിക്കുന്നത് അനുഗുണമാവില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സ്വകാര്യ വ്യക്തികളോ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ റബ്ബർ അധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പിന്തുണ സർക്കാർ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ